"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് തച്ചൻപാറ ഡി.ബി.എച്ച്.എസ്.ലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീ.എ.ആർ.രാജേഷിന് ചികിത്സ ചെലവ് പ്രതിപൂരണം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1254/2023/GEDN തീയതി, തിരുവനന്തപുരം, 13-02-2023

---

പരാമർശം:-

1. പാലക്കാട് തച്ചൻപാറ ഡി.ബി.എച്ച്.എസ്.ലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീ.എ.ആർ.രാജേഷിന്റെ 09.09.2020-ലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 02/11/2021-ലെ (എൽ- ഡിസ്)എം ആർ.4-16946/2021/ആ.വ.ഡ നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29/01/2022-ലെ ആർ.7/1286/2022/ഡി ജി ഇ നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് തച്ചൻപാറ ഡി.ബി.എച്ച്.എസ്.ലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീ.എ.ആർ.രാജേഷിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ.എം.എസ്സ്. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റലിൽ 11/07/2020 മുതൽ 17/07/2020 വരെ കാലയളവിൽ ചെലവായ തുക പ്രതിപൂരണം ചെയ്യണമെന്നാവശ്യപ്പെട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയോടൊപ്പം സമർപ്പിച്ച ബില്ലുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്ക് വിധേയമാക്കി 1,19,226/- രൂപയുടെ ( ഒരു ലക്ഷത്തി പത്തൊമ്പതിനായിരത്തി ഇരുന്നൂറ്റി ഇരുപത്തി ആറ് രൂപ മാത്രം) അനുവദനീയതയുണ്ടെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ടി അപേക്ഷ വിശദമായി പരിശോധിച്ചു. പാലക്കാട് തച്ചൻപാറ ഡി.ബി.എച്ച്.എസ്.ലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീ. എ.ആർ. രാജേഷിന്റെ ഹൃദയ സംബന്ധമായ ചികിത്സയ്ക്ക് പെരിന്തൽമണ്ണ ഇ.എം.എസ്സ്. മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഹോസ്പ്പിറ്റലിൽ 11/07/2020 മുതൽ 17/07/2020 വരെ ചെലവാക്കിയതും ആരോഗ്യവകുപ്പ് ഡയറക്ടർ പരിശോധിച്ച് അനുവദനീയത നൽകിയതുമായ തുകയുടെ 80% ആയ **95,381/- രൂപ (തൊണ്ണൂറ്റഞ്ചായിരത്തി മുന്നൂറ്റി എൺപത്തൊന്ന് രൂപ മാത്രം)** പ്രതിപൂരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീജ വി
അഡിഷണൽ സെക്രട്ടറി

പകർപ്പ്-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
(മെഡിക്കൽ ബിൽ സഹിതം രജിസ്ട്രേഡ് തപാലിൽ).

വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ ട്രഷറി ഓഫീസർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മണ്ണാർക്കാട്, പാലക്കാട് ജില്ല.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ ഓഡിറ്റ്), തിരുവനന്തപുരം.

പ്രധാനാദ്ധ്യാപകൻ, എ.ഡി.ബി.എച്ച്.എസ്,തച്ചൻപാറ, പാലക്കാട്.

ശ്രീ. എ.ആർ. രാജേഷ്, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,

എ.ഡി.ബി.എച്ച്.എസ്., തച്ചൻപാറ, പാലക്കാട്.

ധനകാര്യ (ലോൺസ്) വകുപ്പ് (17/01/2023-ലെ
എൽ 2/775/2022/ധന. പ്രകാരം).
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Shahna Kumari S L
Date: 14-02-2023 10:33:12

സെക്ഷൻ ഓഫീസർ